(സി ആന്റ് ഡി) രണ്ടു കൾവർട്ടുകൾ പുതുക്കിപണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൾവർട്ട് പുതുക്കി പണിയുന്നതുൾപ്പെടെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ചളിയംകോട് റോഡിൽ മണ്ണിടിഞ്ഞ് ഗതാഗതം മുടങ്ങുന്നതിന് പരിഹാരം

58 [3231] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടായ കാസർഗോഡ്-ചന്ദ്രഗിരിപാലം കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ ചളിയംകോട് പ്രദേശത്ത് റോഡിൽ മണ്ണിടിഞ്ഞ് വീണ് പതിവായി വാഹന ഗതാഗതം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കേറിയ ഹൈവേയിലുള്ള ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കി വരുന്ന റോഡുവികസന പദ്ധതി (കെ.എസ്.ടി.പി.)-യിൽ ഉൾപ്പെടുത്തി ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ, മൈലക്കാട് ജംഗ്ഷനുകളുടെ വികസനം

59 [3232] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ, മൈലക്കാട് എന്നീ ജംഗ്ഷനുകളുടെ വികസനം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കല്ലുവാതുക്കൽ, മൈലക്കാട് എന്നീ ജംഗ്ഷനുകളുടെ വികസനം സംബന്ധിച്ച് പ്രത്യേക പദ്ധതികളൊന്നുമില്ല. എന്നാൽ ഈ ജംഗ്ഷനുകൾ ഉൾപ്പെടുന്ന ചേർത്തല മുതൽ കളിയിക്കാവിള വരെയുള്ള എൻ.എച്ച്. 47-ന്റെ ഭാഗം നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly